ഭാരത സർക്കാർ
നിയമ മന്ത്രാലയം

सत्यमेव जयते

# ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാന ആക്റ്റ്, 1997

## (1997-ലെ 22-ാം നമ്പർ ആക്റ്റ്)

(2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE NATIONAL ENVIRONMENT APPELLATE AUTHORITY ACT, 1997

## (ACT NO. 22 OF 1997)

(AS ON 26TH SEPTEMBER, 2002)

വില : രൂപ 15.00

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത് 2006.

## ആമുഖം

2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ദേശീയ പരിസ്ഥിതി അപ്പീലധികാര സ്ഥാന ആക്റ്റ്, 1997 (1997-ലെ 22-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ജൂലൈ 7-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ് 2-ാം വാല്യം 1-ാം നമ്പരായി 54 മുതൽ 59 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായി തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,

ഭാരത സർക്കാരിന്റെ സെക്രട്ടറി.

## PREFACE

This Edition of the National Environment Appellate Authority Act, 1997 (Act 22 of 1997) as on 26th September, 2002 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. 2, No. 1 dated 7th July, 2003 on pages 54 to 59.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,

*Secretary to the Government of India.*

GCPT. 3/2385/06/DTP..

## ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാന ആക്റ്റ്, 1997

**(1997-ലെ 22-ാം നമ്പർ ആക്റ്റ്)**

വകുപ്പുകളുടെ വിന്യാസം

അദ്ധ്യായം I

**പ്രാരംഭികം**


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും പ്രാരംഭവും | 1 |
| 2. | നിർവചനങ്ങൾ | 1 |


അദ്ധ്യായം II

**അധികാരസ്ഥാനം സ്ഥാപിക്കൽ**


| | | |
|---|---|---|
| 3. | അധികാരസ്ഥാനം സ്ഥാപിക്കൽ | 2 |
| 4. | അധികാരസ്ഥാനത്തിന്റെ ഘടന | 2 |
| 5. | അദ്ധ്യക്ഷനോ ഉപാദ്ധ്യക്ഷനോ അംഗമോ ആയുള്ള നിയമനത്തിനുവേണ്ട യോഗ്യതകൾ | 2 |
| 6. | ചില സാഹചര്യങ്ങളിൽ ഉപാദ്ധ്യക്ഷൻ അദ്ധ്യക്ഷനായി ജോലി നോക്കുകയോ അദ്ദേഹത്തിന്റെ ചുമതലകൾ നിർവഹിക്കുകയോ ചെയ്യണമെന്ന് | 2 |
| 7. | ഉദ്യോഗ കാലാവധി | 2 |
| 8. | രാജിയും നീക്കംചെയ്യലും | 3 |
| 9. | അദ്ധ്യക്ഷന്റെയും ഉപാദ്ധ്യക്ഷന്റെയും അംഗങ്ങളുടെയും ശമ്പളങ്ങളും ബത്തകളും മറ്റ് സേവന നിബന്ധനകളും വ്യവസ്ഥകളും | 3 |
| 10. | അധികാരസ്ഥാനത്തിലെ ഒഴിവ് പ്രവൃത്തികളെയോ നടപടികളെയോ അസാധു ആക്കുകയില്ലെന്ന് | 3 |


അദ്ധ്യായം III

**അധികാരസ്ഥാനത്തിന്റെ അധികാരിതയും അധികാരങ്ങളും**


| | | |
|---|---|---|
| 11. | അധികാരസ്ഥാനത്തേക്കുള്ള അപ്പീലുകൾ | 3 |
| 12. | അധികാരസ്ഥാനത്തിന്റെ നടപടിക്രമവും അധികാരങ്ങളും | 4 |
| 13. | അദ്ധ്യക്ഷന്റെ സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ | 5 |
| 14. | അധികാരസ്ഥാനത്തിന്റെ ഉദ്യോഗസ്ഥഗണം | 5 |


അദ്ധ്യായം IV

**പലവക**


| | | |
|---|---|---|
| 15. | അധികാരിതയ്ക്കുള്ള തടസ്സം | 5 |
| 16. | അധികാരസ്ഥാനത്തിന് മുമ്പാകെയുള്ള നടപടികൾ നീതിന്യായ നടപടികൾ ആയിരിക്കുമെന്ന് | 5 |
| 17. | അധികാരസ്ഥാനത്തിന്റെ അംഗങ്ങളും ഉദ്യോഗസ്ഥഗണവും പബ്ലിക് സെർവന്റുമാർ ആയിരിക്കുമെന്ന് | 5 |
| 18. | ഉത്തമവിശ്വാസത്തോടുകൂടി എടുത്ത നടപടികൾക്ക് സംരക്ഷണം | 5 |

| | | |
|---|---|---|
| 19. | അധികാരസ്ഥാനത്തിന്റെ ഉത്തരവുകൾ അനുസരിച്ച് പ്രവർത്തിക്കുന്നതിൽ വീഴ്ചയ്ക്കുള്ള ദണ്ഡനം | 6 |
| 20. | കമ്പനികളാലുള്ള കുറ്റങ്ങൾ | 6 |
| 21. | വൈഷമ്യങ്ങൾ നീക്കം ചെയ്യാനുള്ള അധികാരം | 6 |
| 22. | ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം | 6 |
| 23. | റദ്ദാക്കലും ഒഴിവാക്കലും | 7 |

# ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാന ആക്റ്റ്, 1997

(1997-ലെ 22-ാം നമ്പർ ആക്റ്റ്)

[1997 മാർച്ച്, 26]

ഏതെങ്കിലും വ്യവസായങ്ങളോ പ്രവർത്തനങ്ങളോ പ്രക്രിയകളോ അല്ലെങ്കിൽ വ്യവസായങ്ങളുടെയോ പ്രവർത്തനങ്ങളുടെയോ പ്രക്രിയകളുടെയോ വിഭാഗമോ നടത്താൻ പാടില്ലാത്തതോ അല്ലെങ്കിൽ പരിസ്ഥിതി (സംരക്ഷണം) ആക്റ്റ്, 1986-ന്റെ കീഴിലുള്ള ചില പരിരക്ഷകൾക്ക് വിധേയമായി നടത്താവുന്നതോ ആയ പ്രദേശങ്ങളുടെ നിയന്ത്രണം സംബന്ധിച്ച അപ്പീലുകൾ കേൾക്കുന്നതിനുവേണ്ടി ഒരു ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാനം സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ സംഗതികൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ നാല്പത്തിയെട്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. *ചുരുക്കപ്പേരും പ്രാരംഭവും.*—(1) ഈ ആക്റ്റിന് ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാന ആക്റ്റ്, 1997 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് 1997 ജനുവരി 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്.

2. *നിർവചനങ്ങൾ.*—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ആക്റ്റ്" എന്നാൽ പരിസ്ഥിതി (സംരക്ഷണം) ആക്റ്റ്, 1986 (1986-ലെ 29) എന്നർത്ഥമാകുന്നു;

(ഖ) "അധികാരസ്ഥാനം" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സ്ഥാപിക്കപ്പെട്ട ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ഗ) "അദ്ധ്യക്ഷൻ" എന്നാൽ അധികാരസ്ഥാനത്തിന്റെ അദ്ധ്യക്ഷൻ എന്നർത്ഥമാകുന്നു;

(ഘ) "അംഗം" എന്നാൽ അധികാരസ്ഥാനത്തിന്റെ ഒരു അംഗം എന്നർത്ഥമാകുന്നു;

(ങ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ച) "ഉപാദ്ധ്യക്ഷൻ" എന്നാൽ അധികാരസ്ഥാനത്തിന്റെ ഉപാദ്ധ്യക്ഷൻ എന്നർത്ഥമാകുന്നു.

3/2385/06

അദ്ധ്യായം II

## അധികാരസ്ഥാനം സ്ഥാപിക്കൽ

3. *അധികാരസ്ഥാനം സ്ഥാപിക്കൽ.*—(1) കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ദേശീയപരിസ്ഥിതി അപ്പീലധികാരസ്ഥാനം എന്നറിയപ്പെടുന്ന ഒരു നികായം, ഈ ആക്റ്റുപ്രകാരം അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതിനും ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിനുമായി, സ്ഥാപിക്കേണ്ടതാണ്.

(2) അധികാരസ്ഥാനത്തിന്റെ ഹെഡ്ഡാഫീസ് ഡൽഹിയിലായിരിക്കുന്നതാണ്.

4. *അധികാരസ്ഥാനത്തിന്റെ ഘടന.*—അധികാരസ്ഥാനത്തിൽ ഒരു അദ്ധ്യക്ഷനും ഒരു ഉപാദ്ധ്യക്ഷനും കേന്ദ്രസർക്കാരിന് യുക്തമെന്നു തോന്നുന്ന മൂന്നിൽ കവിയാത്തത്ര മറ്റ് അംഗങ്ങളും അടങ്ങിയിരിക്കേണ്ടതാണ്.

5. *അദ്ധ്യക്ഷനോ ഉപാദ്ധ്യക്ഷനോ അംഗമോ ആയുള്ള നിയമനത്തിനുവേണ്ട യോഗ്യതകൾ.*—

(1) ഒരു ആൾ—

(ക) സുപ്രീം കോടതിയിലെ ഒരു ജഡ്ജി ; അല്ലെങ്കിൽ

(ഖ) ഒരു ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസ് ആയിരുന്നിട്ടില്ലാത്തപക്ഷം അദ്ധ്യക്ഷനായി നിയമിക്കപ്പെടാൻ യോഗ്യനായിരിക്കുന്നതല്ല.

(2) ഒരു ആൾ—

(ക) ഭാരത സർക്കാരിന്റെ സെക്രട്ടറിയുടെ തസ്തിക അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ കീഴിൽ ഭാരതസർക്കാരിന്റെ സെക്രട്ടറിയുടെ തസ്തികയുടെ ശമ്പളസ്കെയിലിൽ കുറയാത്ത ശമ്പളസ്കെയിലുള്ള മറ്റേതെങ്കിലും തസ്തിക രണ്ട് വർഷത്തേക്കെങ്കിലും വഹിക്കുകയും ;

(ഖ) പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ ഭരണപരമോ നിയമപരമോ ഭരണനിർവഹണപരമോ സാങ്കേതികമോ ആയ വശങ്ങളിലുള്ള പ്രാഗത്ഭ്യമോ പരിചയമോ ഇല്ലാത്തപക്ഷം, ഒരു ഉപാദ്ധ്യക്ഷനായി നിയമിക്കപ്പെടാൻ യോഗ്യനായിരിക്കുന്നതല്ല.

(3) ഒരു ആൾ, അദ്ദേഹത്തിന് സംരക്ഷണമോ, പരിസ്ഥിതി കാര്യാന്വേഷണമോ നിയമമോ അല്ലെങ്കിൽ ആസൂത്രണവും വികസനവുമോ സംബന്ധിച്ച മേഖലകളിൽ പ്രവൃത്തിപരമായ വിജ്ഞാനമോ പ്രായോഗിക പരിചയമോ ഇല്ലാത്തപക്ഷം, ഒരു അംഗമായി നിയമിക്കപ്പെടാൻ യോഗ്യനായിരിക്കുന്നതല്ല.

(4) അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും അംഗങ്ങളും രാഷ്ട്രപതിയാൽ നിയമിക്കപ്പെടേണ്ടതാണ്.

6. *ചില സാഹചര്യങ്ങളിൽ ഉപാദ്ധ്യക്ഷൻ അദ്ധ്യക്ഷനായി ജോലി നോക്കുകയോ അദ്ദേഹത്തിന്റെ ചുമതലകൾ നിർവഹിക്കുകയോ ചെയ്യണമെന്ന്.*—(1) അദ്ധ്യക്ഷന്റെ ഉദ്യോഗത്തിൽ, അദ്ദേഹത്തിന്റെ മരണമോ രാജിയോ നിമിത്തമോ മറ്റു വിധത്തിലോ ഏതെങ്കിലും ഒഴിവുണ്ടാകുന്ന സന്ദർഭത്തിൽ ആ ഒഴിവ് നികത്തുവാൻ ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് നിയമിക്കപ്പെട്ട പുതിയ അദ്ധ്യക്ഷൻ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതിവരെ ഉപാദ്ധ്യക്ഷൻ അദ്ധ്യക്ഷനായി ജോലി നോക്കേണ്ടതാണ്.

(2) അസാന്നിദ്ധ്യത്താലോ രോഗത്താലോ മറ്റേതെങ്കിലും കാരണത്താലോ അദ്ധ്യക്ഷന് തന്റെ ചുമതലകൾ നിർവഹിക്കുവാൻ കഴിയാതെ വരുമ്പോൾ, അദ്ധ്യക്ഷൻ തന്റെ കർത്തവ്യങ്ങൾ വീണ്ടും ഏറ്റെടുക്കുന്ന തീയതി വരെ, അദ്ധ്യക്ഷന്റെ ചുമതലകൾ ഉപാദ്ധ്യക്ഷനോ, അതത്സംഗതിപോലെ, ഈ ആവശ്യത്തിലേക്ക് കേന്ദ്രസർക്കാർ വിജ്ഞാപനം വഴി, അധികാരപ്പെടുത്തുന്ന അങ്ങനെയുള്ള അംഗങ്ങളിൽ ഒരാളോ നിർവഹിക്കേണ്ടതാണ്.

7. *ഉദ്യോഗകാലാവധി.*—അദ്ധ്യക്ഷനോ ഉപാദ്ധ്യക്ഷനോ ഒരു അംഗമോ, അദ്ദേഹം തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്നുവർഷക്കാലം അതേ നിലയിൽ ഉദ്യോഗം വഹിക്കുന്നതാണ്, എങ്കിലും മറ്റൊരു മൂന്നുവർഷക്കാലത്തേക്ക് പുനർനിയമനത്തിനർഹനായിരിക്കുന്നതാണ്:

എന്നാൽ, അദ്ധ്യക്ഷനോ ഉപാദ്ധ്യക്ഷനോ അംഗങ്ങളോ അദ്ദേഹത്തിന്,—

(ക) അദ്ധ്യക്ഷന്റെ സംഗതിയിൽ എഴുപതുവയസ്സും;

(ഖ) ഉപാദ്ധ്യക്ഷന്റെയോ അംഗത്തിന്റെയോ സംഗതിയിൽ, അറുപത്തിയഞ്ചുവയസ്സും തികഞ്ഞതിനു ശേഷം അതേനിലയിൽ ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.

8. *രാജിയും നീക്കം ചെയ്യലും.*—(1) അദ്ധ്യക്ഷനോ ഉപാദ്ധ്യക്ഷനോ ഒരു അംഗമോ തന്റെ കൈയൊപ്പു വച്ച ലിഖിതമായ നോട്ടീസുവഴി രാഷ്ട്രപതിയെ സംബോധന ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്:

എന്നാൽ, അദ്ധ്യക്ഷനോ ഉപാദ്ധ്യക്ഷനോ അംഗമോ ഉടൻതന്നെ ഉദ്യോഗം വിടുന്നതിന് രാഷ്ട്രപതി അനുമതി നൽകുന്നപക്ഷം, അങ്ങനെയുള്ള നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ മൂന്നുമാസം കഴിയുന്നതു വരെയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പിൻഗാമിയായി യഥാവിധി നിയമിക്കപ്പെടുന്ന ആൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധി കഴിയുന്നതുവരെയോ, അവയിൽ ഏത് ഏറ്റവും ആദ്യം സംഭവിക്കുന്നുവോ, ഉദ്യോഗം തുടർന്നുവഹിക്കേണ്ടതാണ്.

(2) അദ്ധ്യക്ഷനെയോ, ഉപാദ്ധ്യക്ഷനെയോ അല്ലെങ്കിൽ ഒരംഗത്തെയോ അങ്ങനെയുള്ള അദ്ധ്യക്ഷനെയോ ഉപാദ്ധ്യക്ഷനെയോ ഒരു അംഗത്തെയോ അദ്ദേഹത്തിന് എതിരായുള്ള കുറ്റാരോപണങ്ങൾ അദ്ദേഹത്തിനെ അറിയിക്കുകയും ആ കുറ്റാരോപണങ്ങൾ സംബന്ധിച്ച് അദ്ദേഹത്തിന് കേൾക്കപ്പെടുവാൻ ന്യായമായ ഒരു അവസരം നൽകുകയും ചെയ്യുന്ന ഒരു സുപ്രീംകോടതി ജഡ്ജി നടത്തുന്ന ഒരു അന്വേഷണ വിചാരണയ്ക്കുശേഷം, തെളിയിക്കപ്പെട്ട പെരുമാറ്റ ദൂഷ്യത്തിന്റെയോ കഴിവില്ലായ്മയുടെയോ കാരണത്താൽ രാഷ്ട്രപതി നൽകുന്ന ഉത്തരവുവഴിയല്ലാതെ അദ്ദേഹത്തെ തന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാൻ പാടുള്ളതല്ല.

(3) രാഷ്ട്രപതിക്ക്, ഏതൊരു അദ്ധ്യക്ഷനെയോ ഉപാദ്ധ്യക്ഷനെയോ അംഗത്തെയോ സംബന്ധിച്ചാണോ (2)-ാം ഉപവകുപ്പുപ്രകാരം സുപ്രീംകോടതിയിലേക്ക് റഫർ ചെയ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള റഫറൻസിന്മേൽ സുപ്രീംകോടതിയുടെ റിപ്പോർട്ട് ലഭിക്കുന്നതിന്മേൽ രാഷ്ട്രപതി ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ ആ അദ്ധ്യക്ഷനെയോ ഉപാദ്ധ്യക്ഷനെയോ അംഗത്തെയോ സസ്പെൻഡ് ചെയ്യാവുന്നതാണ്.

(4) കേന്ദ്രസർക്കാരിന്, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അദ്ധ്യക്ഷന്റെയോ ഉപാദ്ധ്യക്ഷന്റെയോ ഒരു അംഗത്തിന്റെയോ പെരുമാറ്റ ദൂഷ്യത്തിന്റെയോ കഴിവില്ലായ്മയുടെയോ അന്വേഷണത്തിന്റെ നടപടിക്രമം ചട്ടങ്ങളാൽ ക്രമീകരിക്കാവുന്നതാണ്.

9. *അദ്ധ്യക്ഷന്റെയും ഉപാദ്ധ്യക്ഷന്റെയും അംഗങ്ങളുടെയും ശമ്പളങ്ങളും ബത്തകളും മറ്റു സേവന നിബന്ധനകളും വ്യവസ്ഥകളും.*—അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും അംഗങ്ങൾക്കും നൽകാവുന്ന ശമ്പളങ്ങളും ബത്തകളും അവരുടെ മറ്റു സേവന നിബന്ധനകളും വ്യവസ്ഥകളും (പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റ് ഉദ്യോഗ വിരാമ ആനുകൂല്യങ്ങളും ഉൾപ്പെടെ) കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

10. *അധികാരസ്ഥാനത്തിലെ ഒഴിവ് പ്രവൃത്തികളെയോ നടപടികളെയോ അസാധുവാക്കുകയില്ലെന്ന്.*—അധികാരസ്ഥാനത്തിന്റെ യാതൊരു പ്രവൃത്തിയും നടപടികളും അധികാരസ്ഥാന സ്ഥാപനത്തിൽ ഏതെങ്കിലും ഒഴിവോ ന്യൂനതയോ ഉണ്ടെന്നുള്ള കാരണത്താൽ മാത്രം ചോദ്യം ചെയ്യപ്പെടുകയോ അസാധുവാക്കപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.

അദ്ധ്യായം III

## അധികാരസ്ഥാനത്തിന്റെ അധികാരിതയും അധികാരങ്ങളും

11. *അധികാരസ്ഥാനത്തേക്കുള്ള അപ്പീലുകൾ.*—(1) ഏതെങ്കിലും വ്യവസായങ്ങളോ പ്രവർത്തനങ്ങളോ പ്രക്രിയകളോ അല്ലെങ്കിൽ വ്യവസായങ്ങളുടെയും പ്രവർത്തനങ്ങളുടെയും പ്രക്രിയകളുടെയും വിഭാഗങ്ങൾ നടത്താൻ പാടില്ലാത്തതോ അല്ലെങ്കിൽ ചില പരിരക്ഷകൾക്ക് വിധേയമായി നടത്താവുന്നതോ ആയ പ്രദേശങ്ങളിൽ പരിസ്ഥിതി വെടിപ്പാക്കലിന് അനുമതി നൽകുന്ന ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ഉത്തരവിന്റെ തീയതി മുതൽ മുപ്പതുദിവസത്തിനകം നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള ഫാറത്തിൽ അധികാരസ്ഥാനത്തിന് ഒരു അപ്പീൽ നൽകാവുന്നതാണ്:

എന്നാൽ, അധികാരസ്ഥാനത്തിന്, മതിയായ കാരണത്താൽ സമയത്ത് അപ്പീൽ ഫയൽ ചെയ്യുന്നതിൽ നിന്നും അപ്പീൽവാദി തടയപ്പെട്ടിരുന്നുവെന്ന് അതിന് ബോദ്ധ്യമാകുന്നപക്ഷം, മുൻപറഞ്ഞ മുപ്പതുദിവസക്കാലം കഴിഞ്ഞതിനുശേഷം, എന്നാൽ മുൻപറഞ്ഞ തീയതി മുതൽ തൊണ്ണൂറു ദിവസം കഴിയാത്തതുമായ ഏതെങ്കിലും അപ്പീലുകൾ സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി "ആൾ" എന്നാൽ—

(ക) പരിസ്ഥിതി വെടിപ്പാക്കൽ അനുമതി ബാധിക്കാൻ ഇടയുള്ള ഏതൊരാളും;

(ഖ) പരിസ്ഥിതി വെടിപ്പാക്കലിനുവേണ്ടി ഏതു പദ്ധതി സംബന്ധിച്ചാണോ ഒരു അപേക്ഷ സമർപ്പിക്കപ്പെട്ടിട്ടുള്ളത് ആ പദ്ധതിയുടെ ഉടമസ്ഥതയോ അതിൻമേൽ നിയന്ത്രണമോ ഉള്ള ഏതൊരാളും;

(ഗ) അങ്ങനെയുള്ള ഉത്തരവ് ബാധിക്കാൻ ഇടയുള്ളതും പരിസ്ഥിതി മണ്ഡലത്തിൽ പ്രവർത്തിക്കുന്നതുമായ ആളുടെ ഏതൊരു സമാജവും (ഏകാംഗീകൃതമായാലും അല്ലെങ്കിലും);

(ഘ) സംസ്ഥാനസർക്കാർ പരിസ്ഥിതി വെടിപ്പാക്കൽ അനുമതി നൽകിയിട്ടുള്ളിടത്ത്, കേന്ദ്ര സർക്കാരും കേന്ദ്രസർക്കാർ പരിസ്ഥിതി വെടിപ്പാക്കൽ അനുമതി നൽകിയിട്ടുള്ളിടത്ത് സംസ്ഥാനസർക്കാരും; അല്ലെങ്കിൽ

(ങ) ഏതു തദ്ദേശാധികാരസ്ഥാനത്തിന്റെ തദ്ദേശാതിർത്തിയിലുള്ള ഏതെങ്കിലും ഭാഗം പരിസ്ഥിതി സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രദേശത്തിന്റെ സമീപ സ്ഥലത്തിനുള്ളിലുള്ളത്, അങ്ങനെയുള്ള ഏതൊരു തദ്ദേശാധികാരസ്ഥാനവും,

എന്നർത്ഥമാകുന്നു.

(3) (1)-ാം ഉപവകുപ്പുപ്രകാരം നൽകിയ ഒരു അപ്പീൽ ലഭിക്കുന്നതിൻമേൽ, അധികാരസ്ഥാനം, അപ്പീൽവാദിക്ക് കേൾക്കപ്പെടുവാനുള്ള ഒരു അവസരം നൽകിയശേഷം, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണ്.

(4) അധികാരസ്ഥാനം, അപ്പീൽ ഫയൽ ചെയ്ത തീയതി മുതൽ തൊണ്ണൂറുദിവസത്തിനകം അപ്പീൽ തീർപ്പാക്കേണ്ടതാണ് :

എന്നാൽ, അധികാരസ്ഥാനത്തിന്, ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ അപ്പീൽ, വീണ്ടും ഒരു മുപ്പതുദിവസക്കാലത്തിനകം തീർപ്പാക്കാവുന്നതാണ്.

12. *അധികാരസ്ഥാനത്തിന്റെ നടപടിക്രമവും അധികാരങ്ങളും.*—(1) അധികാരസ്ഥാനത്തിന്, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമം ബാധകമായിരിക്കുന്നതല്ല, എന്നാൽ സ്വാഭാവിക നീതിയുടെ തത്വങ്ങളാലും ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്കും കേന്ദ്രസർക്കാർ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്കും വിധേയമായും നയിക്കപ്പെടേണ്ടതും അധികാരസ്ഥാനത്തിന് അതിന്റെ അന്വേഷണത്തിനുള്ള സ്ഥലങ്ങളും സമയങ്ങളും നിശ്ചയിക്കുന്നതും സിറ്റിംഗ് പരസ്യമായിട്ടോ രഹസ്യമായിട്ടോ എന്നു തീരുമാനിക്കുന്നതും ഉൾപ്പെടെ അതിന്റെ സ്വന്തം നടപടിക്രമം ക്രമപ്പെടുത്തുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(2) അധികാരസ്ഥാനത്തിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവഹിക്കുന്ന ആവശ്യങ്ങൾക്കായി ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ, താഴെ പറയുന്ന സംഗതികൾ സംബന്ധിച്ച് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഏതെങ്കിലും ആളെ സമൺ ചെയ്യുകയും ഹാജരാക്കിപ്പിക്കുകയും ശപഥത്തിന്മേൽ വിസ്തരിക്കുകയും ചെയ്യുന്നത് ;

(ഖ) രേഖകൾ വെളിപ്പെടുത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നത് ;

(ഗ) സത്യവാങ്മൂലങ്ങളിന്മേൽ തെളിവ് സ്വീകരിക്കുകയും ;

(ഘ) ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872 (1872-ലെ 1)-ന്റെ 123-ഉം 124-ഉം വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഏതെങ്കിലും ആഫീസിൽ നിന്ന് ഏതെങ്കിലും പബ്ലിക്ക് റിക്കാർഡോ രേഖയോ അങ്ങനെയുള്ള റിക്കാർഡിന്റെയോ രേഖയുടെയോ പകർപ്പോ ആവശ്യപ്പെടുന്നത് ;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകളെ നിയമിക്കുന്നത് ;

(ച) അതിന്റെ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നത് ;

(ഛ) വീഴ്ച വരുത്തിയതിന് ഒരു നിവേദനം തള്ളിക്കളയുകയോ അത് എക്സ്പാർട്ടിയായി തീരുമാനിക്കുകയോ ചെയ്യുന്നത് ;

(ജ) വീഴ്ച വരുത്തിയതിന് ഏതെങ്കിലും നിവേദനം തള്ളിക്കളഞ്ഞുകൊണ്ടുള്ള ഏതെങ്കിലും ഉത്തരവോ അത് എക്സ്പാർട്ടിയായി പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവോ അസ്ഥിരപ്പെടുത്തുന്നത് ;

(ഝ) കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാൻ ആവശ്യമായതോ ആവശ്യമാകാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി .

13. *അദ്ധ്യക്ഷന്റെ സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ.*—അദ്ധ്യക്ഷന്, ചട്ടങ്ങൾ പ്രകാരം അദ്ദേഹത്തിൽ നിക്ഷിപ്തമാക്കുന്ന അങ്ങനെയുള്ള സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ പ്രയോഗിക്കാവുന്നതാണ് :

എന്നാൽ, അദ്ധ്യക്ഷന്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അദ്ദേഹത്തിന്റെ സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ ഉപാദ്ധ്യക്ഷനോ അങ്ങനെയുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ പ്രത്യായോജനം ചെയ്യപ്പെട്ട അങ്ങനെയുള്ള അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ അദ്ധ്യക്ഷന്റെ നിർദ്ദേശത്തിനും നിയന്ത്രണത്തിനും മേൽനോട്ടത്തിനും പ്രവർത്തനം തുടരണമെന്നുള്ള ഉപാധിക്ക് വിധേയമായി ഉപാദ്ധ്യക്ഷനോ അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥനോ പ്രത്യായോജനം ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

14. *അധികാരസ്ഥാനത്തിന്റെ ഉദ്യോഗസ്ഥഗണം.*—(1) അധികാരസ്ഥാനത്തെ അതിന്റെ ചുമതലകളുടെ നിർവഹണത്തിൽ സഹായിക്കുവാൻ ആവശ്യമായ ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും തരവും വിഭാഗങ്ങളും കേന്ദ്രസർക്കാർ തീരുമാനിക്കേണ്ടതും അതിന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരെയും മറ്റു ജീവനക്കാരെയും അധികാരസ്ഥാനത്തിന് നൽകേണ്ടതും ആകുന്നു.

(2) അധികാരസ്ഥാനത്തിന്റെ ഉദ്യോഗസ്ഥന്മാരും മറ്റ് ജീവനക്കാരും അവരുടെ ചുമതലകൾ അദ്ധ്യക്ഷന്റെ പൊതുവായ മേൽനോട്ടത്തിൽ നിർവഹിക്കേണ്ടതാണ്.

(3) ഉദ്യോഗസ്ഥന്മാരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളങ്ങളും ബത്തകളും സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

## അദ്ധ്യായം IV

## പലവക

15. *അധികാരിതയ്ക്കുള്ള തടസ്സം.*—(1) അധികാരസ്ഥാനത്തിന്റെ സ്ഥാപിക്കൽ തീയതി മുതൽ പ്രഭാവത്തോടെ, ഈ ആക്റ്റിനാലോ ആക്റ്റിൻകീഴിലോ അധികാരസ്ഥാനത്തെ അപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും സംഗതിയെ സംബന്ധിച്ചുള്ള ഏതെങ്കിലും അപ്പീൽ സ്വീകരിക്കുവാൻ യാതൊരു സിവിൽ കോടതിക്കോ മറ്റധികാരസ്ഥാനത്തിനോ അധികാരിത ഉണ്ടായിരിക്കുന്നതല്ല.

16. *അധികാരസ്ഥാനത്തിന് മുമ്പാകെയുള്ള നടപടികൾ നീതിന്യായ നടപടികൾ ആയിരിക്കുമെന്ന്.*—അധികാരസ്ഥാനത്തിന്റെ മുമ്പാകെയുള്ള എല്ലാ നടപടികളും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 193, 219, 228 എന്നീ വകുപ്പുകളുടെ അർത്ഥത്തിൽ നീതിന്യായ നടപടികളായി കരുതപ്പെടേണ്ടതാണ്.

17. *അധികാരസ്ഥാനത്തിന്റെ അംഗങ്ങളും ഉദ്യോഗസ്ഥഗണവും പബ്ലിക് സെർവന്റുമാർ ആയിരിക്കുമെന്ന്.*—അധികാരസ്ഥാനത്തിന്റെ അദ്ധ്യക്ഷനും, ഉപാദ്ധ്യക്ഷനും അംഗങ്ങളും ഉദ്യോഗസ്ഥൻമാരും മറ്റു ജീവനക്കാരും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 21-ാം വകുപ്പിന്റെ അർത്ഥത്തിൽ പബ്ലിക് സെർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

18. *ഉത്തമവിശ്വാസത്തോടുകൂടി എടുത്ത നടപടികൾക്ക് സംരക്ഷണം.*—ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടമോ ഉത്തരവുകളോ അനുസരിച്ച് ഉത്തമവിശ്വാസത്തോടുകൂടി നടത്തിയതോ നടത്താനുദ്ദേശിച്ചതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച് കേന്ദ്ര സർക്കാരിനെതിരെയോ അധികാരസ്ഥാനത്തിന്റെ അദ്ധ്യക്ഷനോ ഉപാദ്ധ്യക്ഷനോ ഒരു അംഗത്തിനോ അഥവാ അദ്ധ്യക്ഷനോ ഉപാദ്ധ്യക്ഷനോ ഒരു അംഗമോ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആൾക്കോ എതിരെയോ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മററു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

19. *അധികാരസ്ഥാനത്തിന്റെ ഉത്തരവുകൾ അനുസരിച്ച് പ്രവർത്തിക്കുന്നതിൽ വീഴ്ചയ്ക്കുള്ള ദണ്ഡനം.*—അധികാരസ്ഥാനം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവനുസരിച്ച് പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏതൊരാളും, ഏഴു വർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവു ശിക്ഷയോ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

20. *കമ്പനികളാലുള്ള കുറ്റങ്ങൾ.*—(1) ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത് കമ്പനിക്കുപുറമെ കുററം ചെയ്യപ്പെട്ട സമയത്ത് കമ്പനിയുടെ ബിസിനസ്സിന്റെ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ നേരിട്ടുള്ള ചാർജ്ജ് ഉണ്ടായിരുന്നതും, കമ്പനിയോട് ഉത്തരവാദി യായിരുന്നതുമായ ഏതൊരാളും, ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ കുററം ചെയ്യപ്പെട്ടത് തന്റെ അറിവുകൂടാതെ ആണെന്നോ, അല്ലെങ്കിൽ കുററം ചെയ്യപ്പെടുന്നത് തടയാൻ, താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നു, എന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, അയാളെ ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) ഈ ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻകീഴിലെ ഒരു കുററം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുററം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മററു ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടോ മൗനാനുവാദ ത്തോടോകൂടി ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷ മൂലമാണെന്ന് കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മററ് ഉദ്യോഗസ്ഥനോകൂടി ആ കുററത്തിന് അപരാധി യാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായമെന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും;

(ഖ) "ഡയറക്ടർ" എന്നാൽ ഒരു ഫേം സംബന്ധിച്ച് അതിലെ ഒരു പങ്കാളി എന്നർത്ഥ മാകുന്നതും ആകുന്നു;

21. *വൈഷമ്യങ്ങൾ നീക്കംചെയ്യാനുള്ള അധികാരം.*—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏന്തെങ്കിലും വൈഷമ്യം ഉണ്ടാവുകയാണെങ്കിൽ, കേന്ദ്രസർക്കാർ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവു വഴി, ആ വൈഷമ്യം നീക്കംചെയ്യുന്നതിന് ആവശ്യമാണെന്നോ സമീചീനമാണെന്നോ അതിനു തോന്നുന്ന ഈ ആക്റ്റിലെ ആവശ്യങ്ങൾക്ക് അസംഗതമല്ലാത്ത വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്ന തീയതി മുതൽ മൂന്ന് വർഷ ക്കാലത്തിനുശേഷം, അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും, അത് പുറപ്പെടുവിച്ചശേഷം, ആകുന്നത്രവേഗത്തിൽ പാർലമെന്റിന്റെ ഇരുസഭകളുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

22. *ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.*—(1) കേന്ദ്രസർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 8-ാം വകുപ്പ് (4)-ാം ഉപവകുപ്പു പ്രകാരം അദ്ധ്യക്ഷന്റെയോ ഉപാദ്ധ്യക്ഷന്റെയോ ഒരംഗത്തിന്റെയോ സ്വഭാവദൂഷ്യമോ കഴിവില്ലായ്മയോ സംബന്ധിച്ച അന്വേഷണത്തിനുവേണ്ടിയുള്ള നടപടിക്രമം;

(ഖ) 9-ാം വകുപ്പുപ്രകാരം അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും അംഗങ്ങൾക്കും നൽകേണ്ട ശമ്പളങ്ങളും ബത്തകളും മറ്റു സേവന നിബന്ധനകളും വ്യവസ്ഥകളും;

(ഗ) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം ഒരു അപ്പീൽ ഉൾക്കൊള്ളേണ്ട ഫാറം;

(ഘ) 13-ാം വകുപ്പു പ്രകാരം അദ്ധ്യക്ഷന്റെ സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ;

(ങ) അധികാരസ്ഥാനത്തിന്റെ ഉദ്യോഗസ്ഥൻമാരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളങ്ങളും ബത്തകളും സേവന വ്യവസ്ഥകളും;

(ച) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും വിഷയം.

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിലെന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന്, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുയോ ചെയ്യുന്നതും ആകുന്നു:

എന്നാൽ, അത് അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കുന്നതാണ്.

23. *റദ്ദാക്കലും ഒഴിവാക്കലും.*—(1) ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാന ഓർഡിനൻസ് (1997-ലെ 12-ാം ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, മുൻപറഞ്ഞ ഓർഡിനൻസിൻകീഴിൽ ചെയ്ത എന്തെങ്കിലുമോ അല്ലെങ്കിൽ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകൾക്ക് കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.